# നീര ലൈസൻസുകളുടെ രണ്ടാംഘട്ട വിതരണം 16ന്

തിരുവനന്തപുരം: സംസ്ഥാനത്ത് നീര ഉൽപാദനത്തിനും വിതരണത്തിനുമായി അനുവദിച്ച ലൈസൻസുകളുടെ രണ്ടാംഘട്ട വിതരണം 16ന് ഉച്ചകഴിഞ്ഞ് മൂന്നിന് എറണാകുളം ഫൈൻ ആർട്സ് ഹാളിൽ മുഖ്യമന്ത്രി ഉമ്മൻചാണ്ടി നിർവഹിക്കും. 173 ലൈസൻസുകളാണ് ഇതുവരെ അനുവദിച്ചിരിക്കുന്നത്. ആദ്യഘട്ടമായി 16 ലൈസൻസുകൾ 2014 ൽ വിതരണം ചെയ്തിരുന്നു. ശേഷിക്കുന്ന 157 ലൈസൻസുകളാണ് രണ്ടാം ഘട്ടത്തിൽ വിതരണം ചെയ്യുക. നാളികേര വികസന ബോർഡിന് കീഴിലുള്ള നാളികേര ഉൽപാദക ഫെഡറേഷനുകൾക്കാണ് ലൈസൻസ് അനുവദിച്ചിരിക്കുന്നത്. 2013 സെപ്തംബർ 23 നാണ് സംസ്ഥാനത്ത് ആദ്യമായി നീര ഉല്പാദിപ്പിക്കുന്നതിന് അനുമതി നൽകി ഉത്തരവായത്. നീരയുടെ ഉല്പാദനം, വിതരണം എന്നിവ പ്രായോഗികമാക്കുന്നതിന് 2014 ഫെബ്രുവരിയിൽ അബ്കാരി ചട്ടങ്ങളിൽ ഭേദഗതി വരുത്തി 2014 മെയിൽ നാളികേര- നീര ബോർഡ് രൂപീകരിച്ചു. കാർഷികോൽപാദന കമ്മീഷണർ ചെയർമാനും എക്സൈസ് കമ്മീഷണർ എക്സിക്യൂട്ടീവ് ഓഫീസറായുമായാണ് നാളികേര- നീര ബോർഡ് രൂപീകരിച്ചിരിക്കുന്നത്. നീരയുടെ ഉൽപാദന വിതരണവും അബ്കാരി നിയമങ്ങൾ പ്രകാരം എക്സൈസ് വകുപ്പിന്റെ നിയന്ത്രണത്തിലായിരിക്കും. കള്ള് ഷാപ്പുകളിൽ നീര വിൽപന നടത്താൻ അനുവദിക്കില്ല. കള്ള് ചെത്ത് മേഖലയിലുള്ളവർക്ക് നീര ചെത്തുന്നതിൽ മുൻഗണന നൽകും.ഒട്ടും തന്നെ മദ്യം കലർന്നിട്ടില്ലാത്ത ഒരു ആരോഗ്യ പാനീയമാണ് നീര. നീര ഉപയോഗിച്ച് ശർക്കര, സിറപ്പ്, തേൻ, പഞ്ചസാര എന്നിവ ഉൽപാദിപ്പിക്കാവുന്നതാണെന്നും കണ്ടെത്തിയിട്ടുണ്ട്. നാളികേര കൃഷിയിൽ നിന്ന് പിന്മാറുന്ന ലക്ഷക്കണക്കിന് കേരകർഷകരെ ഉപയോഗിച്ച് നീര ഉൽപാദനത്തിന്റെ അനന്ത സാധ്യതകൾ കേരളത്തിന് മുതലെടുക്കാവുന്നതും അതുവഴി കേരളത്തിന് ഒരു സുസ്ഥിരമായ സാമ്പത്തിക അടിത്തറ ഇതിൽ നിന്ന് ഉണ്ടാക്കാവുന്നതുമാണ്. ഉദ്ഘാടന ചടങ്ങിൽ എക്സൈസ് മന്ത്രി കെ. ബാബു അധ്യക്ഷത വഹിക്കും. കൃഷി മന്ത്രി കെ. പി. മോഹനൻ മുഖ്യാതിഥിയായിരിക്കും. നാളികേര വികസന ബോർഡ് ചെയർമാൻ ടി.കെ. ജോസ് സംബന്ധിക്കും.